**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2030** **29-09-2025 - ൽ മറുപടിയ്ക്ക്**

**യുവജനക്ഷേമ ബോർഡും യുവജനകാര്യ വകുപ്പും നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഉദുമ മണ്ഡലത്തിൽ യുവജനകാര്യ വകുപ്പും യുവജനക്ഷേമ ബോർഡും നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കായിക യുവജനകാര്യ വകുപ്പ് ഉദുമ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**സംസ്ഥാന യുവജനക്ഷേമ ബോർഡ്**<br><br>പരിസ്ഥിതി ദിനാചരണം, സ്കൂൾ ശുചീകരണം, യുവജന ദിനാചരണം, ടീം കേരള പരിശീലനം, ടീം കേരളാ പഞ്ചായത്ത്‌തല ക്യാപ്റ്റൻ മാരുടെ പരിശീലനം, കേക്ക് നിർമ്മാണ വിപണന പരിശീലനം, ലഹരി വിരുദ്ധ കലാജാഥ,വിവാഹ പൂർവ്വ കൗൺസിലിംഗ്, മാരിവില്ല് - ട്രാൻസ്ജെൻഡേഴ്സ് ക്ലബ്ബ് സംസ്ഥാനതല ക്യാമ്പ്, കാർഷിക ക്ലബ്ബ്, വനിതാദിനാചരണം, ജനസഭ, ഗാന്ധിജയന്തി ദിനാചരണം, ദേശീയ യുവജന ദിനാഘോഷം, മണിനാദം നാടൻപാട്ട് മത്സരം, ശാസ്ത്ര ക്വിസ്, നീന്തൽ പരിശിലനം.<br><br>**കായിക യുവജന കാര്യാലയം**<br><br>സംസ്ഥാനത്ത് എല്ലാ പഞ്ചായത്തുകളിലും ഒരു കളിക്കളം നിർമ്മിക്കുക അതിലൂടെ കായിക വികസനത്തിനുള്ള ഏറ്റവും അടിത്തട്ടിൽ നിന്നുള്ള വികസനം സാധ്യമാക്കുക എന്ന ബൃഹത്ഉദ്ദേശത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് "ഒരു പഞ്ചായത്ത് ഒരു കളിക്കളം" എന്ന പദ്ധതി. ഈ പദ്ധതി പ്രകാരം ഓരോ പഞ്ചായത്തിലും മറ്റ് ഗ്രാമപ്രദേശങ്ങളിലും കുറഞ്ഞത് ഒരു കളിസ്ഥലമെങ്കിലും വികസിപ്പിക്കാൻ സർക്കാർ ലക്ഷ്യമിടുന്നു. പ്രസ്തുത പദ്ധതിയിൽ ഒരു കളിക്കളത്തിന് ആവശ്യമായി വരുന്ന തുകയുടെ 50% തുക (പരമാവധി 50 ലക്ഷം രൂപ) കായിക വകുപ്പിന്റെ പദ്ധതി വിഹിതമായും ബാക്കി വരുന്ന തുക ജനപ്രതിനിധികളുടെ ആസ്തിവികസന ഫണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളുടെ സാമൂഹ്യപ്രതിബദ്ധതാ ഫണ്ട് എന്നിവയിൽ നിന്നുമാണ് വകയിരുത്തുന്നത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഉദുമ മണ്ഡലത്തിൽ കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത് ജി.എച്ച്.എസ് ഗ്രൗണ്ട് , ബേഡഡുക്ക പഞ്ചായത്ത് കുണ്ടംകുഴി ജി.എച്ച്.എസ് ഗ്രൗണ്ട്, ജി. എച്ച്. എസ്. എസ് കുനിയ ഗ്രൗണ്ട്, പള്ളിക്കര പഞ്ചായത്ത് സ്റ്റേഡിയം, ചർക്കപ്പാറ എന്നിവിടങ്ങളിലെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| (ബി) | ഈ പദ്ധതികൾക്ക് അനുവദിച്ച തുകയും പദ്ധതികളുടെ നിലവിലത്തെ സ്ഥിതിയും അറിയിക്കാമോ? | (ബി) | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് മുഖേന ഉദുമ മണ്ഡലത്തിൽ സംഘടിപ്പിച്ച പരിപാടികളും അതിനുവേണ്ടി അനുവദിച്ച തുകയുടെയും വിശദാംശങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു.<br><br>ഒരു പഞ്ചായത്ത് ഒരു കളിക്കളം എന്ന പദ്ധതി മുഖേന ഉദുമ മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവർത്തന ങ്ങളും അനുവദിച്ച തുകയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം I</u>**

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | അനുവദിച്ച തുക |
|---|---|---|
| 1 | പരിസ്ഥിതി ദിനാചരണം | 5,000 |
| 2 | സ്കൂൾ ശുചീകരണം | 2,000 |
| 3 | യുവജന ദിനാചരണം | 14,000 |
| 4 | ടീം കേരള പരിശീലനം | 6,32,920 |
| 5 | കേക്ക് നിർമ്മാണ - വിപണന പരിശീലനം | 30,000 |
| 6 | ലഹരിവിരുദ്ധ കലാജാഥ -ദിനാചരണം | 64,500 |
| 7 | വിവാഹപൂർവ്വ കൗൺസിലിംഗ് | 6,640 |
| 8 | മാരിവില്ല്- ട്രാൻസ് ജെൻഡേഴ്സ് ക്ലബ് സംസ്ഥാനതല ക്യാമ്പ് | 3,27,276 |
| 9 | കാർഷിക ക്ലബ് | 5,000 |
| 10 | വനിതാദിനാചരണം | 10,000 |
| 11 | ജനസഭ | 14,000 |
| 12 | ഗാന്ധിജയന്തി ദിനാചരണം | 9,210 |
| 13 | മണിനാദം- നാടൻപാട്ട് മത്സരം | 62,000 |
| 14 | ശാസ്ത്ര ക്വിസ് | 28,000 |
| 15 | നീന്തൽ പരിശിലനം | 50,000 |

**<u>അനുബന്ധം II</u>**

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | അനുവദിച്ച തുക (ഭരണാനുമതി തുക) | നിലവിലത്തെ സ്ഥിതി |
|---|---|---|---|
| **ഒന്നാം ഘട്ടം** | | | |
| 1 | കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത് ജി.എച്ച്.എസ് ഗ്രൗണ്ട് | 100 ലക്ഷം | 90% പ്രവൃത്തി പൂർത്തിയായി |
| 2 | ബേഡഡുക്ക പഞ്ചായത്ത് കുണ്ടംകുഴി ജി.എച്ച്.എസ് ഗ്രൗണ്ട് | 100 ലക്ഷം | പദ്ധതിക്കായി 100 ലക്ഷം രൂപയുടെ സമഗ്ര ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതിക അനുമതിക്കായുള്ള എസ്റ്റിമേറ്റ് സ്പോർട്സ് കേരള ഫൗണ്ടേഷൻ തയ്യാറാക്കി വരുന്നു. |
| രണ്ടാം ഘട്ടം - Nil | | | |
| മൂന്നാം ഘട്ടം (2025-26) | | | |
| 1 | ജി.എച്ച്.എസ്.എസ് കുനിയ ഗ്രൗണ്ട് | ബഹു.എം.എൽ.എ ഫണ്ട് വിഹിതം ലഭ്യമായിട്ടില്ല. | |
| 2 | പള്ളിക്കര പഞ്ചായത്ത് സ്റ്റേഡിയം, ചർക്കപ്പാറ | ബഹു.എം.എൽ.എ ഫണ്ട് വിഹിതം ലഭ്യമായിട്ടില്ല. | |